(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റേതായ നിർദ്ദേശങ്ങളോ അഭിപ്രായങ്ങളോ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളും ചികിത്സാ സ്ഥാപനങ്ങളുമെല്ലാം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവയ്ക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഡി) രജിസ്ട്രേഷൻ നടപടികൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണെന്ന് വെളിപ്പെടുത്തുമോ ; ഇതേവരെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) പൊതു-സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമുള്ള ചട്ടങ്ങൾ പുറപ്പെടുവിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുറപ്പെടുവിക്കാനുദ്ദേശിക്കുന്ന ചട്ടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമായാലുടൻ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) സ്വകാര്യ ആശുപത്രികളും ലബോറട്ടറികളും രജിസ്ട്രേഷൻ ചെയ്യണമെന്ന് പ്രത്യേക നിയമം നിലവിലില്ല.

അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി

65 (655) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) തിരുവനന്തപുരം, എറണാകുളം , കോഴിക്കോട് ലാബുകൾ ഓരോന്നും ഏതൊക്കെ ജില്ലകളിൽനിന്നുള്ള സാമ്പിൾ പരിശോധനയാണ് നിർവ്വഹിച്ചുവരുന്നത് ;

(സി) പ്രതിവർഷം ഓരോ ലാബിനും പരിശോധിക്കാൻ കഴിയുന്ന സാമ്പിളുകളുടെ പരമാവധി പരിധി എത്രയാണ് ;

(ഡി) 2008-09, 2009-10 എന്നീ വർഷങ്ങളിൽ ഓരോ ലാബും എത്ര സാമ്പിളുകൾ പരിശോധിച്ചു എന്നും എത്രയെണ്ണത്തിൽ മായം കണ്ടെത്തി എന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലയളവിൽ പരിശോധനയെത്തുടർന്ന് എത്ര കേസുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചു ; ഏതെങ്കിലും കേസിൽ കുറ്റക്കാരെ ശിക്ഷിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അനലിസ്റ്റ് ലാബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ വേണ്ടി ലഭ്യമായ ഫണ്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായ 1,40,00,000 രൂപ ഉപയോഗിച്ച് ലാബുകൾക്ക് ആവശ്യമായ ഗ്ലാസ് വെയേഴ്സ്, കെമിക്കൽസ്, മറ്റു ആധുനിക ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കേടായി കിടക്കുന്ന ഉപകരണങ്ങൾ നന്നാക്കുന്നതിനും നിലവിലുള്ള ഉപകരണങ്ങളുടെ Annual Maintenance Contract പുതുക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ലാബുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാർക്ക് പരിശീലനവും നൽകിവരുന്നു.

(ബി) തിരുവനന്തപുരം അനലിസ്റ്റ് ലബോറട്ടറിയിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ പി.എഫ്.എ ആക്ട് അനുസരിച്ചുള്ള ആഹാര സാമ്പിളുകളും എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ ആഹാര സാമ്പിളുകളും കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ആഹാര സാമ്പിളുകളും പരിശോധിച്ചുവരുന്നു.

(സി) ഓരോ ലാബിനും പരിശോധിക്കാൻ കഴിയുന്ന സാമ്പിളുകൾക്ക് പരമാവധി പരിധി നിശ്ചയിച്ചിട്ടില്ല. ഫുഡ് ഇൻസ്പെക്ടർമാർക്കു നിശ്ചയിച്ചിരിക്കുന്ന നിയമാനുസൃത കാട്ട പ്രകാരമുള്ള എല്ലാ ആഹാര സാമ്പികളുകളും പരിശോധിക്കുന്നുണ്ട്. കൂടാതെ റെയിൽവേ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന ആഹാര സാമ്പിളുകളും പരിശോധിക്കുന്നുണ്ട്.

(ഡി) 2008-09 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ ആകെ 3598 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 96 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ 4525 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 122 സാമ്പിളുകൾ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ആകെ 5529 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 162 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിൽ ആകെ 3338 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ

LIBRARY ARCHIVES Kerala Legislative Assembly

68 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ 3993 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 98 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്. കോഴിക്കോട് റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ ആകെ 4421 ആഹാര സാമ്പിളുകൾ പരിശോധിച്ചതിൽ 95 സാമ്പിളുകളിൽ മായം ചേർന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) 2008-09 സാമ്പത്തിക വർഷത്തിൽ 296 കേസുകളിലും 2009-10 സാമ്പത്തിക വർഷത്തിൽ 243 കേസുകളിലും പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ വർഷങ്ങളിൽ ഫയൽ ചെയ്ത കേസുകളിൽ വിചാരണ നടപടികൾ നടന്നുവരുന്നു.

പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലപരിശോധന പരിശോധിക്കുന്നതിനുള്ള സംവിധാനം

66 (656) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി കണ്ടുപിടിക്കുന്ന മരുന്നുകളുടെ ഫലം പരിശോധിക്കുന്നത് നിരീക്ഷിക്കാനും അനുവാദം നൽകാനും സംസ്ഥാന സർക്കാരിന് കീഴിൽ നിലവിലുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ബി) അതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ ;

(സി) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്യാതെ സംസ്ഥാനത്ത് മനുഷ്യരിൽ മരുന്നു പരീക്ഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അനധികൃത മരുന്നുപരിശോധനാ സംഭവങ്ങൾകണ്ടെത്താൻ ആരോഗ്യവകുപ്പിനു കീഴിൽ എന്തു സംവിധാനമാണുള്ളത്. ഈ സംവിധാനമുപയോഗിച്ച് അത്തരം പരീക്ഷണങ്ങളേതെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) ക്ലിനിക്കൽ ട്രയൽ രജിസ്ട്രിയിൽ 2009-10-ൽ എത്ര പരീക്ഷണങ്ങൾ രജിസ്റ്റർ ചെയ്തു. അവയിൽ എത്രയെണ്ണത്തിന് അനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം പരീക്ഷണത്തിൽ മരണം സംഭവച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly